REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 23-08-2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **ഓൺലൈൻ ഗെയിമിംഗ് ബില്ലിന് രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകാരം നൽകി**
- **സ്വയംപര്യാപ്ത ഭാരതം എന്നതാണ് ഈ കാലഘട്ടത്തിന്റെ മുദ്രാവാക്യമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ഇന്ന് ദേശീയ ബഹിരാകാശ ദിനം**
- **കളമശ്ശേരി അദാനി ലോജിസ്റ്റിക്സ് പാർക്കിന്റെ നിർമ്മാണം മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ ഉദ്ഘാടനം ചെയ്യും**
- **ഡ്യൂറണ്ട് കപ്പ് ഫുട്ബോളിൽ കലാശപ്പോരാട്ടം ഇന്ന്.**

## വാർത്തകൾ വിശദമായി

**ഓൺലൈൻ ഗെയിമിംഗ് ബില്ലിന് രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകാരം നൽകി. E- സ്പോർട്സും, ഓൺലൈൻ സോഷ്യൽ ഗെയിമുകളും പ്രോത്സാഹിപ്പിക്കുന്ന നിയമം, പണം ഈടാക്കുന്ന ഓൺലൈൻ മണി ഗെയിമുകളും, അവയുടെ പരസ്യങ്ങളും, സാമ്പത്തിക ഇടപാടുകളും തടയാൻ ലക്ഷ്യമിടുന്നു. ഓൺലൈൻ ഗെയിം മേഖലയുടെ വികസനത്തിനും, നിയന്ത്രണത്തിനും ഓൺലൈൻ ഗെയിമിംഗ് അതോറിറ്റി നിയമപ്രകാരം രൂപീകരിക്കും.**

**യുവാക്കളിൽ നിന്നും, വിദ്യാർത്ഥികളിൽ നിന്നും പണം തട്ടിയെടുക്കുന്ന ഓൺലൈൻ ഗെയിമുകളെ തടയുകയാണ് നിയമത്തിന്റെ പ്രധാന ലക്ഷ്യം. പണം ഈടാക്കുകയോ, നൽകുകയോ, അതിന് സൗകര്യം ഒരുക്കുകയോ ചെയ്യുന്ന എല്ലാ മണിഗെയിമുകൾക്കും നിയമപ്രകാരം വിലക്ക് ഏർപ്പെടുത്തും. വ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് മൂന്ന് വർഷം വരെ തടവോ, ഒരു കോടി രൂപ വരെ പിഴയോ, രണ്ടും കൂടിയോ ശിക്ഷ ലഭിക്കും.**

ആദായനികുതി നിയമം -2025, ടാക്സേഷൻ നിയമഭേദഗതി എന്നിവയടക്കം അഞ്ച് ബില്ലുകൾക്കും രാഷ്ട്രപതി അംഗീകാരം നൽകി. ആദായനികുതി നിയമം അടുത്ത വർഷം ഏപ്രിൽ ഒന്നിന് നിലവിൽ വരും.

✪✪✪

സ്വയംപര്യാപ്ത ഭാരതം എന്നതാണ് ഈ കാലഘട്ടത്തിന്റെ മുദ്രാവാക്യമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കി. പാകിസ്ഥാനിലെ ഭീകര സംവിധാനത്തിനെതിരെ നടത്തിയ ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യ സ്വന്തം ശക്തി ലോകത്തിന് ബോധ്യപ്പെടുത്തിയതായും അദ്ദേഹം കൊൽക്കത്തയിൽ പൊതുറാലിയെ അഭിസംബോധന ചെയ്യവെ അറിയിച്ചു. പശ്ചിമബംഗാളിലെ ഇച്ഛാപ്പൂർ ആയുധ നിർമ്മാണ ശാല ഇന്ത്യയെ സ്വയം പര്യാപ്തമാക്കാനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും മികച്ച സംഭാവനയാണ് നൽകുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിന്റെ സൂക്ഷ്മ പരിശോധന പൂർത്തിയായി. ആകെ ലഭിച്ച 68 പത്രികകളിൽ, 28 എണ്ണം തള്ളി. 19 സ്ഥാനാർത്ഥികൾ നൽകിയ 28 നാമനിർദ്ദേശങ്ങൾ തള്ളി. അടുത്ത മാസം ഒൻപതിനാണ് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്. CP രാധാകൃഷ്ണനാണ് NDA സ്ഥാനാർത്ഥി- INDI ബ്ലോക്ക് സ്ഥാനാർത്ഥി സുപ്രീം കോടതി മുൻ ജഡ്ജി B സുദർശൻ റെഡ്ഡിയും.

✪✪✪

ഇന്ന് രണ്ടാമത് ദേശീയ ബഹിരാകാശ ദിനം. ഇന്ത്യയുടെ മൂന്നാം ചാന്ദ്രദൗത്യമായ ചന്ദ്രയാൻ-3ന്റെ ചരിത്ര വിജയത്തെ അനുസ്മരിക്കാനാണ് ഓഗസ്റ്റ് 23 ദേശീയ ബഹിരാകാശ ദിനമായി ആഘോഷിക്കുന്നത്. 2023 ഓഗസ്റ്റ് 23-നാണ് ചന്ദ്രയാൻ ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ സോഫ്റ്റ് ലാൻഡ് ചെയ്തത്.

ഡെസ്ക്ക് റിപ്പോർട്ട്

...(വോയ്സ്)....

"ആര്യഭട്ടയിൽ നിന്ന് ഗഗൻയാനിലേക്ക് : പുരാതന വിജ്ഞാനത്തിൽ നിന്ന് അനന്ത സാധ്യതകളിലേക്ക്" എന്നതാണ് ഈ വർഷത്തെ ദിനാഘോഷ പ്രമേയം .

ബഹിരാകാശ ദിനാഘോഷങ്ങളുടെ ഭാഗമായി ഇന്നലെ ISRO ന്യൂഡൽഹിയിൽ നാഷണൽ സ്പേസ് മീറ്റ് - 2.0 സംഘടിപ്പിച്ചു. മന്ത്രാലയങ്ങൾ,

സ്വകാര്യ പങ്കാളികൾ, അക്കാദമിക്, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവർ പങ്കെടുത്തു.

ഇന്ത്യയുടെ ബഹിരാകാശ യാത്രയെ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി P.K മിശ്ര, സമാപന സമ്മേളനത്തിൽ പ്രശംസിച്ചു. നക്ഷത്രങ്ങളെ കീഴടക്കാനല്ല ബഹിരാകാശ ഗവേഷണമെന്നും, ഭൂമിയിലെ ജീവിതം മെച്ചപ്പെടുത്താനാണ് അതിലൂടെ ലക്ഷ്യമിടുന്നതെന്നും PK മിശ്ര പറഞ്ഞു.

ബഹിരാകാശ മേഖലാ പരിഷ്ക്കരണത്തിനൊപ്പം സ്വകാര്യ മേഖലയുടെ സംയോജനവും കൂടി സാധ്യമാകുമ്പോൾ, വികസിത ഭാരതം- 2047 ലക്ഷ്യത്തിന് അത് മികച്ച സംഭാവനകൾ നൽകുമെന്ന് ചടങ്ങിൽ പങ്കെടുത്ത ISRO ചെയർമാൻ V. നാരായണൻ പറഞ്ഞു.

ദിനാചരണത്തോടനുബന്ധിച്ച്, ബഹിരാകാശ വകുപ്പ് ഈ മാസം മുഴുവൻ രാജ്യവ്യാപകമായി ആഘോഷ പരിപാടികൾ സംഘടിപ്പിക്കും.

കോഴിക്കോട് മേഖലാ ശാസ്ത്ര കേന്ദ്രത്തിൽ 'പുരാതന ആകാശം മുതൽ പുത്തൻ ചക്രവാളം വരെ ഇന്ത്യയുടെ ബഹിരാകാശ പൈതൃകം' എന്ന വിഷയത്തിൽ ഇന്ന് പ്രദർശനം നടത്തും.

✪✪✪

CPI മുൻ ദേശീയ സെക്രട്ടറിയും, മുൻ MP യുമായിരുന്ന സുരവരം സുധാകർ റെഡ്ഡി അന്തരിച്ചു. ഇന്നലെ വൈകിട്ട് ഹൈദരാബാദിലായിരുന്നു 83 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. CPI യിലെ അതികായനായ അദ്ദേഹം 2012 മുതൽ 2019 വരെ പാർട്ടി ജനറൽ സെക്രട്ടറിയായിരുന്നു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ 'ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ' ഭാഗമായി കളമശ്ശേരിയിൽ ആരംഭിക്കുന്ന അദാനി ലോജിസ്റ്റിക്സ് പാർക്കിന്റെ നിർമ്മാണം രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി P.രാജീവ് അധ്യക്ഷനാകുന്ന പരിപാടിയിൽ പ്രതിപക്ഷ നേതാവ് VD സതീശനും പങ്കെടുക്കും.

✪✪✪

കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന 'കേരള ഏവിയേഷൻ സമ്മിറ്റ് ഇന്ന് ആരംഭിക്കും. വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ പരിപാടി ഉദ്ഘാടനം ചെയ്യും. വ്യോമയാനമേഖലയിലെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താനും സംസ്ഥാനത്ത് ഈ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കാനും ലക്ഷ്യമിട്ടാണ് പരിപാടി. എയർപോർട്ട് ഹെൽത്ത് ഓർഗനൈസേഷനുവേണ്ടി സിയാൽ 20 കോടി ചെലവിൽ നിർമിച്ച എയർപോർട്ട് ആരോഗ്യകേന്ദ്രത്തിന്റെ താക്കോൽ മന്ത്രി K രാജൻ കൈമാറും.

✪✪✪

ആകാശവാണി കോഴിക്കോട് പ്രാദേശിക വാർത്താ വിഭാഗം മേധാവിയായി കൊച്ചി പ്രസ് ഇൻഫർമേഷൻ ബ്യൂറോ ഡയറക്ടർ ധന്യ സനൽ K ചുമതലയേറ്റു. 2012 ബാച്ച് ഇന്ത്യൻ ഇൻഫർമേഷൻ സർവീസ് ഓഫീസറാണ് ധന്യ സനൽ. ന്യൂഡൽഹിയിലെ PIB, സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ, ദൂരദർശൻ ന്യൂസ്, പബ്ലിക്കേഷൻ ഡിവിഷൻ എന്നിവയിൽ പ്രവർത്തിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ രാജ്യരക്ഷാ സേനാ വക്താവായും സേവനമനുഷ്ഠിച്ചു.

✪✪✪

ഷൊർണൂർ ജംഗ്ഷൻ- നിലമ്പൂർ റോഡ് മെമു പാസഞ്ചർ ട്രെയിനിന്റെ ഉദ്ഘാടന യാത്ര രാത്രി എട്ടിന് ഷൊർണ്ണൂർ ജംഗ്ഷനിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഫ്ലാഗ് ഓഫ് ചെയ്യും. ഷൊർണൂരിൽ നിന്ന് നാളെയും, നിലമ്പൂർ റോഡിൽ നിന്ന് മറ്റന്നാളും പതിവ് സർവീസുകൾ ആരംഭിക്കും.

✪✪✪

BJP സംസ്ഥാനതല ശില്പശാല രാവിലെ തൃശ്ശൂർ നമോ ഭവനിൽ ആരംഭിക്കും. കേരള പ്രഭാരി പ്രകാശ് ജാവ്ദേക്കർ, അപരാജിത സാരംഗി, കേന്ദ്രസഹ മന്ത്രിമാരായ സുരേഷ് ഗോപി, ജോർജ് കുര്യൻ, സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ അടക്കം നേതാക്കൾ ശില്പശാലയിൽ പങ്കെടുക്കും .

✪✪✪

ക്ലീൻ കേരള കമ്പനിയുടെ ഇക്കോ ബാങ്ക് സംരംഭത്തിന് തുടക്കമായി. തിരുവനന്തപുരത്ത് ഇക്കോ ബാങ്ക് പദ്ധതി മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്തു.

വീടുകളിലെയും സ്ഥാപനങ്ങളിലെയും അജൈവ പാഴ്വസ്തുക്കൾ നേരിട്ട് കൈമാറാൻ കഴിയുന്ന കേന്ദ്രങ്ങളാണ് ഇക്കോ ബാങ്ക്. പുനരുപയോഗിക്കാൻ കഴിയുന്ന സാധനങ്ങൾക്ക് മികച്ച വില നൽകും. സംസ്കരിക്കാൻ കഴിയാത്തവയ്ക്ക് ചെറിയ സംസ്കരണ ഫീസും ഈടാക്കും. 14 ജില്ലകളിലും ഓരോ കേന്ദ്രങ്ങൾ ആദ്യഘട്ടത്തിൽ ആരംഭിക്കും. തുടർന്ന് കൂടുതൽ സ്ഥലങ്ങളിലേക്ക് ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

എല്ലാ വിദ്യാർഥികൾക്കും ആധുനിക സൗകര്യങ്ങളോടെ വിദ്യാഭ്യാസം നൽകാനാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നതെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. കോഴിക്കോട് കക്കാട് ഗവ. LP സ്കൂളിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സംസ്ഥാന പ്ലാൻ ഫണ്ടുപയോഗിച്ച് നിർമിക്കുന്ന കെട്ടിടത്തിന് അദ്ദേഹം തറക്കല്ലിടുകയും ചെയ്തു.

✪✪✪

കണ്ണൂർ ആറളം ഫാമിലും പുനരധിവാസ മേഖലയിലും എത്തിയ കാട്ടാനകളെ തുരത്തുന്ന ഓപറേഷൻ ഫെൻസിങ്ങ് പുരോഗമിക്കുന്നു. ഗജമുക്തി ദൗത്യത്തിന്റെ ഭാഗമായാണ് പദ്ധതി നടപ്പാക്കുന്നത്.

കണ്ണൂർ പ്രതിനിധി K.O.ശശിധരൻ.

.....(വോയ്സ്).....

✪✪✪

അഞ്ചാമത് സംസ്ഥാന ട്രാൻസ്ജെൻഡർ കലോത്സവം 'വർണപ്പകിട്ട്' കോഴിക്കോട്ട് വൈകിട്ട് സമാപിക്കും. ജൂബിലി ഹാളിൽ സമാപന സമ്മേളനം മന്ത്രി ഡോ. R ബിന്ദു ഉദ്ഘാടനം ചെയ്യും. കലാമത്സര വിജയികൾക്ക് അവർ സമ്മാനങ്ങളും കൈമാറും. മന്ത്രി P.A മുഹമ്മദ് റിയാസ് ചടങ്ങിൽ അധ്യക്ഷനാകും.

കലോത്സവത്തിൽ രണ്ടു ദിവസത്തെ മത്സരങ്ങൾ പൂർത്തിയായപ്പോൾ 71 പോയിന്റോടെ തിരുവനന്തപുരം ജില്ല മുന്നിട്ടു നിൽക്കുന്നു. 66 പോയന്റുമായി മലപ്പുറമാണ് രണ്ടാം സ്ഥാനത്ത്. 63 പോയന്റുമായി എറണാകുളം മൂന്നാം സ്ഥാനത്തുണ്ട്.

✪✪✪

കോഴിക്കോടിനെ സമ്പൂർണ UDID രജിസ്ട്രേഷൻ ജില്ലയായി മന്ത്രി ഡോ. R ബിന്ദു ഇന്ന് പ്രഖ്യാപിക്കും. വൈകിട്ട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിലാണ് ചടങ്ങ്. ഇന്നലെ നടത്താനിരുന്ന ചടങ്ങ് ഇന്നത്തേക്ക് മാറ്റുകയായിരുന്നു.

✪✪✪

ഡ്യൂറണ്ട് കപ്പ് ഫുട്ബോളിൽ കലാശപ്പോരാട്ടം ഇന്ന്. കൊൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിലെ മത്സരത്തിൽ ഡയമണ്ട് ഹാർബർ FC, നോർത്ത് ഈസ്റ്റ് യുണൈറ്റഡുമായി ഏറ്റുമുട്ടും. വൈകിട്ട് 5.30നാണ് മത്സരം.

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ ട്രിവാൻഡ്രം റോയൽസ്, ഏരീസ് കൊല്ലം സെയ്ലേഴ്സിനെ നാല് വിക്കറ്റിന് തോൽപ്പിച്ചു. ഇന്നലെ ആദ്യ മത്സരത്തിൽ ആലപ്പി റിപ്പിൾസിനെ, തൃശൂർ ടൈറ്റൻസ് ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു.

ഇന്ന് ഉച്ചയ്ക്ക് 2.30ന് ആദ്യ മൽസരത്തിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ്, ആലപ്പി റിപ്പിൾസിനെ നേരിടും. വൈകിട്ട് 6.45 ന് രണ്ടാം മൽസരത്തിൽ തൃശൂർ ടൈറ്റൻസ്, കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനേയും നേരിടും.

✪✪✪

ആകാശവാണി കൊച്ചി ക്ലസ്റ്ററിന്റെ ഡെപ്യൂട്ടി ഡയറക്ടർ ജനറലായി K. സുബ്രമണ്യൻ അയ്യർ ചുമതലയേറ്റു. 1998 ബാച്ച് ഇന്ത്യൻ എഞ്ചിനീയറിംഗ് സർവീസിലെ ഉദ്യോഗസ്ഥനായ അദ്ദേഹം രാജ്യത്തെ വിവിധ ദൂരദർശൻ കേന്ദ്രങ്ങളിലും ആകാശവാണി സ്റ്റേഷനുകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട് .

✪✪✪

കേരള സംഗീത നാടക അക്കാദമിയുടെ സംഗീതോത്സവം വൈകീട്ട് കണ്ണൂർ ജവഹർ ലൈബ്രറി ഓഡിറ്റോറിയത്തിൽ അക്കാദമി ചെയർപേഴ്സൺ മട്ടന്നൂർ ശങ്കരൻകുട്ടി ഉദ്ഘാടനം ചെയ്യും. തുടർന്ന് MK ശങ്കരൻ നമ്പൂതിരിയുടെ സംഗീത കച്ചേരി അരങ്ങേറും.

✪✪✪

തിരുവനന്തപുരം ജില്ലയിലെ സ്വകാര്യ,സഹകരണ കയർ തൊഴിലാളികളുടെ ഈ വർഷത്തെ ബോണസ് തുക സംബന്ധിച്ച് ധാരണയായി. സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് 1,650 രൂപയും സഹകരണ സംഘ തൊഴിലാളികൾക്ക് 14 ശതമാനം ബോണസും സെപ്തംബർ ഒന്നിനകം നൽകാനാണ് ധാരണ.

✪✪✪

തീപിടുത്തമുണ്ടായതിനെ തുടർന്ന് താൽക്കാലികമായി അടച്ചിട്ടിരുന്ന കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ ഗ്രൗണ്ട് ഫ്ളോറും, ഒന്നാം നിലയും നാളെ വൈകിട്ട് മുതൽ തുറന്ന് പ്രവർത്തിക്കും. MRI, CT എന്നിവയടക്കം സേവനങ്ങൾ അവിടെ ലഭ്യമാകും.

✪✪✪

---

*News Editor: ശ്രുതി*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: രജിന കെ*
*DEO : ഷീബ*